പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *129 | 31-01-2018-ലെ മറുപടിയ്ക്ക്

## വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. സി.മമ്മൂട്ടി | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം യഥാസമയം നൽകുന്ന കാര്യത്തിൽ സർക്കാർ വേണ്ടത്ര പരിഗണന നൽകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നതിന് പ്രഥമ പരിഗണനയാണ് സർക്കാർ നൽകി വരുന്നത്. സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിക്കുന്ന അവസരത്തിൽ 24 മണിക്കൂറിനുള്ളിൽ പ്രഥമ വിവര റിപ്പോർട്ട് സമർപ്പിക്കുകയും അഞ്ചു ദിവസത്തിനുള്ളിൽ കൃഷി ഉദ്യോഗസ്ഥർ കൃഷിയിടം സന്ദർശിച്ച് വിളനാശം തിട്ടപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു വരുന്നു.<br><br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുള്ളവർക്ക് ഉടനടി നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ഇതിനകം 4316 കർഷകർക്ക് 2.23 കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. ഇൻഷ്വർ ചെയ്തിട്ടില്ലാത്ത വിളകളുടെ നാശത്തിനു നഷ്ടപരിഹാരം നൽകുന്നതിനായി 54 കോടി രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നഷ്ട പരിഹാരം നൽകുന്നതിന് പുറപ്പെടുവിച്ച മാനദണ്ഡങ്ങളിൽ പോരായ്മ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ മാനദണ്ഡ പ്രകാരം കർഷകർക്ക് മികച്ച രീതിയിൽ, വിപണി മൂല്യത്തിനോട് അടുത്തുനിൽക്കുന്ന രീതിയിൽ, വിള നാശത്തിനു നഷ്ടപരിഹാരമേകാൻ കഴിയുന്നുണ്ട്. 22/03/2017-ലെ സ.ഉ.(കൈ)നം. 37/2017/കൃഷി ഉത്തരവ് പ്രകാരം, തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, മരച്ചീനി, കൈതച്ചക്ക, ഏലം, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, പയർ |

എന്നീ വിളകൾക്ക് ഇരട്ടിയായും വാഴ, കുരുമുളക്, കാപ്പി. ജാതി, ഗ്രാമ്പൂ, വെറ്റില, നെല്ല് എന്നിവയ്ക്ക് ഏകദേശം അഞ്ച് ഇരട്ടിയായും നഷ്ടപരിഹാരം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഉത്തരവ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

എന്നാൽ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത വിളകളെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാരിന്റെ പുതിയ മാനദണ്ഡ പ്രകാരം ദീർഘകാല വിളകളായും വാർഷിക വിളകളായും തരംതിരിച്ച് അവയുടെ വിസ്തൃതി അടിസ്ഥാനത്തിൽ നഷ്ടപരിഹാരം കണക്കാക്കുന്നത് മൂലം കേന്ദ്ര സഹായം ഗണ്യമായി കുറയുന്നു. ഇതു പരിഹരിക്കുന്നതിന് മുൻപ് നിലവിലുണ്ടായിരുന്ന അതേ നിരക്കുകൾ പുന:സ്ഥാപിച്ചുകൊണ്ട് അധികം വേണ്ടി വരുന്ന സാമ്പത്തിക ബാധ്യത കൂടി നിലവിൽ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. കേന്ദ്ര നിരക്ക് പഴയ നിരക്കിൽ പുന:സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| **(സി)** വിള ഇൻഷ്വറൻസ് പദ്ധതി പൂർണമായും ഏർപ്പെടുത്തി കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | **(സി)** 22/03/2017-ലെ സ.ഉ.(കൈ) 37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി പ്രധാനപ്പെട്ട മുഴുവൻ വിളകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ മുഴുവൻ കർഷകരെയും അംഗങ്ങളാക്കുന്നതിന് പഞ്ചായത്തു തലത്തിൽ കാമ്പെയ്നുകൾ നടത്തി ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. കർഷകരുടെ യഥാർത്ഥ നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരത്തുക നൽകിവരുന്നുണ്ട്. കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽ കൃഷിക്ക് സംസ്ഥാനത്തു എവിടെയും കീടരോഗ ബാധ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി, തുടങ്ങിയ ചെറു ധാന്യങ്ങൾ, മാവ് എന്നീ വിളകളെ കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വന പ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടു കൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കടിശികയുള്ള നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിന് അവ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ;എങ്കിൽ തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ജില്ലകളിൽ നിന്നുള്ള പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരം 44.4 കോടി രൂപയുടെ കൃഷി നാശം ഉണ്ടായതായി കണക്കാക്കുന്നു. ധനസഹായം നൽകുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

## കേരള സർക്കാർ

### സംഗ്രഹം

കൃഷി വകുപ്പ്—സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി—സംസ്ഥാനത്തെ എല്ലാ പ്രധാന കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### കൃഷി (കൃഷി) വകുപ്പ്

സ. ഉ. (എംഎസ്.) നമ്പർ 37/2017/കൃഷി. *തിരുവനന്തപുരം, 2017 മാർച്ച് 22.*

---

പരാമർശം:—1. സ. ഉ. (എംഎസ്.) നമ്പർ 80/92/എ.ഡി. തീയതി 13-3-1992

2. സ. ഉ. (എംഎസ്.) നമ്പർ 194/92/എ.ഡി. തീയതി 3-7-1992
3. സ. ഉ. (എംഎസ്.) നമ്പർ 125/95/എ.ഡി. തീയതി 25-2-1995
4. സ. ഉ. (എംഎസ്.) നമ്പർ 230/2002/എ.ഡി. തീയതി 12-12-2002
5. സ. ഉ. (എംഎസ്.) നമ്പർ 136/2003/എ.ഡി. തീയതി 13-8-2003
6. സ. ഉ. (എംഎസ്.) നമ്പർ 60/2009/എ.ഡി. തീയതി 21-4-2009
7. സ. ഉ. (എംഎസ്.) നമ്പർ 77/2009/എ.ഡി. തീയതി 13-4-2009
8. കൃഷി ഡയറക്ടറുടെ 27-1-2017-ലെ ടിപി2/14657/2016 നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം 3 പ്രകാരം സംസ്ഥാനത്തെ 25 പ്രധാനപ്പെട്ട കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2016-17-ലെ

സംസ്ഥാന ബഡ്ജറ്റിൽ നിലവിലുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി പദ്ധതി വിഹിതം വകയിരുത്തിയിരുന്നു. കൃഷി ചെയ്യുന്നതിനുള്ള കർഷകരുടെ ചെലവ് പല മടങ്ങ് വർദ്ധിച്ചിട്ടും സംസ്ഥാന വിള ഇൻഷ്വറൻസ്വഴി കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക 20 വർഷത്തിലേറെയായി വർദ്ധനവില്ലാതെ തുടരുകയാണെന്നും കർഷകരുടെ യഥാർത്ഥത്തിലുള്ള നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരത്തുക പരിഷ്കരിച്ച് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കണമെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം 8 പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എല്ലാ പ്രധാന വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും കാലികമായി നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് കർഷകർക്ക് അനുയോജ്യമാകുംവിധം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പരാമർശം 1 മുതൽ 7 വരെയുള്ള സർക്കാർ ഉത്തരവുകൾക്ക് ഉപരിയായി, അനുബന്ധത്തിൽ പറയുന്ന പുതുക്കിയ വ്യവസ്ഥകൾക്ക് വിധേയമായി, പുനരാവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി ബാധകമായിരിക്കും. കൂടാതെ കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിലെ നെൽക്കൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

അനുബന്ധത്തിൽ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം സംസ്ഥാന പുനരാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കേണ്ടതും എല്ലാ കർഷകരേയും നിർബന്ധമായും ചേർക്കുന്നതിനുള്ള ഊർജ്ജിത നടപടി പ്രത്യേകമായി സ്വീകരിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രമേഷ്, ടി.,
*ഡെപ്യൂട്ടി സെക്രട്ടറി.*

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.

പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ്.

ധനകാര്യ വകുപ്പ്.

സഹകരണ വകുപ്പ്.

പൊതുഭരണ (എസ്.സി.) വകുപ്പ്.

കൃഷി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

## I. വ്യവസ്ഥകൾ

ഇൻഷ്വർ ചെയ്യാൻവേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം, വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം, അടയ്ക്കേണ്ട പ്രീമിയം, നഷ്ടപരിഹാര തോത് ഇവ അനുബന്ധം 'എ'യിൽ ചേർത്തിട്ടുണ്ട്.

വിളകൾ :

താഴെ പറയുന്ന വിളകൾക്ക് സംസ്ഥാന പുനരാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നതാണ്.

1. തെങ്ങ്
2. കമുക്
3. റബ്ബർ
4. കശുമാവ്
5. വാഴ (ഏത്തൻ, ഞാലിപ്പൂവൻ, കപ്പ, മറ്റിനങ്ങൾ)
6. മരച്ചീനി
7. കൈതച്ചക്ക
8. കുരുമുളക്
9. ഏലം
10. ഇഞ്ചി
11. മഞ്ഞൾ
12. കാപ്പി
13. തേയില
14. കൊക്കോ
15. നിലക്കടല

16. എള്ള്

17. പച്ചക്കറി

18. ജാതി

19. ഗ്രാമ്പു

20. വെറ്റില

21. പയറുവർഗ്ഗങ്ങൾ

22. കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്)

23. കരിമ്പ്

24. പുകയില

25. നെല്ല്

## II. പ്രകൃതിക്ഷോഭം

താഴെ പറയുന്ന പ്രകൃതിക്ഷോഭംകൊണ്ട് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മാത്രമേ ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുകയുള്ളൂ.

1. വരൾച്ച

2. വെള്ളപ്പൊക്കം

3. ഉരുൾപൊട്ടൽ

4. മണ്ണിടിച്ചിൽ

5. ഭൂമികുലുക്കം/ഭൂകമ്പം

6. കടലാക്രമണം

7. ചുഴലിക്കാറ്റ്

8. കൊടുങ്കാറ്റ്

9. ഇടിമിന്നൽ

10. കാട്ടുതീ

11. വന്യജീവി ആക്രമണം

## III. പ്രീമിയം

1. പദ്ധതിയിൽ ചേരുന്ന കർഷകർ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. ഈ തുക മടക്കി കൊടുക്കുന്നതല്ല.

2. പ്രീമിയംതുക അടച്ച ദിവസം മുതൽ ഏഴു ദിവസങ്ങൾക്കുശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ.

## IV. നഷ്ടപരിഹാരം

1. വിളകൾക്ക് ഉണ്ടാകുന്ന പൂർണ്ണ നാശത്തിനു മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. ഭാഗികമായ നഷ്ടം കണക്കാക്കുന്നതല്ല.

2. നാശനഷ്ടം സംഭവിച്ച വിളകളുടെ വില നഷ്ടപരിഹാരത്തിൽ നിന്നും കുറവു ചെയ്യുന്നതല്ല.

3. ഒരു കൃഷി ഭൂമിയിൽ ഒരു വിള ഭാഗികമായി ഇൻഷ്വർ ചെയ്യുന്നതല്ല.

4. അത്യാഹിതം സംഭവിക്കുമ്പോൾ നാശനഷ്ടം പരമാവധി കുറയ്ക്കുന്നതിന് കർഷകർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരിക്കണം.

5. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാരത്തുക നൽകുന്നതാണ്.

6. ഉൽപ്പാദനക്ഷമത കുറഞ്ഞതും പ്രായാധിക്യം ഉള്ളതുമായ വൃക്ഷ വിളകളെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

7. ഇഞ്ചി, മഞ്ഞൾ, നിലക്കടല, എള്ള്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, ഏലം, വെറ്റില എന്നീ വിളകൾക്ക് ഇൻഷ്വർ ചെയ്ത വിസ്തൃതിയുടെ കുറഞ്ഞത് പത്ത് ശതമാനമെങ്കിലും നാശനഷ്ടമുണ്ടായാലേ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. മറ്റു വിളകൾക്ക് അനുബന്ധത്തിൽ കാണിച്ചിട്ടുള്ള പ്രകാരവും മറ്റു വ്യവസ്ഥകൾക്കും വിധേയമായും നഷ്ടപരിഹാരം നൽകും.

8. ഹ്രസ്വകാല വിളകളുടെ ഇൻഷ്വറൻസ് കാലയളവ് പ്രീമിയം അടച്ച ഒരാഴ്ച മുതൽ വിളവെടുപ്പ് തുടങ്ങുന്നതുവരെയാണ്.

## V. അംഗത്വം

1. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്.

2. നെൽക്കൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ

വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. എന്നാൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇൻഷ്വർ ചെയ്ത പാടശേഖരങ്ങളിൽ ഒരാളുടെ പാടത്തിൽ മാത്രം നഷ്ടം ഉണ്ടായാലും അതിനും നഷ്ടപരിഹാരം നൽകുന്നതാണ്.

## VI. പദ്ധതി നടത്തിപ്പ്

1. പദ്ധതി കൃഷി വകുപ്പിന്റെ വിവിധ ഓഫീസുകൾവഴി നടപ്പാക്കും. പഞ്ചായത്തുതലത്തിൽ കൃഷി ഭവൻവഴിയാണ് പദ്ധതി നടപ്പാക്കുക.
2. പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശിക്കുന്ന കർഷകർ ഇതിനായി നിശ്ചയിച്ചിട്ടുള്ള അപേക്ഷയിൽ അതാത് സ്ഥലത്തെ കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്.
3. കൃഷി ഭവൻ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് പ്രീമിയം തിട്ടപ്പെടുത്തണം.
4. കൃഷി ഭവനിൽനിന്നും തിട്ടപ്പെടുത്തി നിശ്ചയിച്ച പ്രീമിയം തുക ഇതിനായി നിയോഗിച്ച ഏജന്റ് വഴിയോ നേരിട്ടോ സ്ഥലത്തെ സഹകരണ ബാങ്കിലോ, ഗ്രാമീണ ബാങ്കിലോ അടയ്ക്കണം.
5. പ്രീമിയം അടയ്ക്കുന്നതിനും പദ്ധതി പരമാവധി കർഷകരിൽ എത്തിക്കുന്നതിനും കൃഷി ഓഫീസർമാർ പരാമർശം 3-ലെ ബന്ധപ്പെട്ട വ്യവസ്ഥ പ്രകാരമോ മറ്റുള്ള പൊതുമാനദണ്ഡങ്ങൾക്ക് വിധേയമായോ ഏജന്റിനെ നിശ്ചയിക്കേണ്ടതാണ്.
6. കർഷകനോ ഏജന്റോ പ്രീമിയം അടച്ച് രസീത് കൃഷി ഭവനിൽ ഏൽപ്പിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ പോളിസി കർഷകന് നൽകും.

## VII. വിള ഇൻഷ്വറൻസ് ഫണ്ട്

1. സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന വിഹിതം.
2. അംഗങ്ങളായ കർഷകരിൽനിന്നും ലഭിക്കുന്ന പ്രീമിയം.
3. ഫണ്ടിൽ നിക്ഷേപിച്ച തുകയിൽ നിന്നും കാലാകാലങ്ങളിൽ ലഭിക്കുന്ന പലിശ.

## VIII. ഫണ്ട് കൈകാര്യം ചെയ്യാൻ

കൃഷി ഡയറക്ടർ സംസ്ഥാനതലത്തിൽ സംസ്ഥാന സഹകരണ ബാങ്കിലും പ്രിൻസിപ്പൽ കൃഷി ഓഫീസർ ജില്ലാ സഹകരണ ബാങ്കിൽ ജില്ലാതലത്തിലും ഒരു വിള ഇൻഷ്വറൻസ് ഫണ്ട് അക്കൗണ്ട് എന്ന നിലവിലുള്ള രീതി തുടരും.

സഹകരണ ബാങ്കുകളിൽ ഏജന്റ് മുഖാന്തിരമോ നേരിട്ടോ പ്രീമിയമായി അടയ്ക്കുന്ന തുക അടുത്ത മാസം ഒന്നാം തീയതി തന്നെ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ജില്ലാ അക്കൗണ്ടിൽ പ്രൈമറി ബാങ്കിൽ നിന്ന് മാറ്റണം.

ജില്ലാ വിള ഇൻഷ്വറൻസ് ഫണ്ടിൽ ₹ 50,000 കവിഞ്ഞ് വരുന്ന തുക അതാത് ദിവസം തന്നെ സംസ്ഥാന സഹകരണ ബാങ്കിലെ കൃഷി ഡയറക്ടറുടെ അക്കൗണ്ടിൽ ജില്ലാ സഹകരണ ബാങ്കിൽ നിന്നും മാറ്റണം.

IX. (എ) നഷ്ടപരിഹാരത്തിനായി കൈക്കൊള്ളേണ്ട നടപടി

1. അത്യാഹിതം സംഭവിച്ചാൽ 15 ദിവസത്തിനുള്ളിൽ അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ കൃഷി ഭവനിൽ നൽകണം.
2. കൃഷി ഭവൻ ഉദ്യോഗസ്ഥൻമാർ പരിശോധനയ്ക്ക് എത്തുന്നതുവരെ നാശനഷ്ടം സംഭവിച്ച വിള അതേപടി നിലനിർത്തേണ്ടതാണ്.
3. കൃഷി ഭവനിൽ അപേക്ഷ ലഭിച്ച് അഞ്ച് ദിവസത്തിനകം ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് നാശനഷ്ടം തിട്ടപ്പെടുത്തി അതിന്റെ പകർപ്പ് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകണം.

(ബി) നഷ്ടപരിഹാരം ശുപാർശ ചെയ്യാനുള്ള പരിധി

1. കൃഷി അസിസ്റ്റന്റ് — ₹ 500 വരെ.
2. കൃഷി ഓഫീസർ — ₹ 501 മുതൽ ₹ 3,000 വരെ
3. കൃഷി അസിസ്റ്റന്റ് ഡയറക്ടർ — ₹ 3,001 മുതൽ ₹ 10,000 വരെ
4. കൃഷി ഡെപ്യൂട്ടി ഡയറക്ടർ — ₹ 10,001 മുതൽ ₹ 50,000 വരെ
5. പ്രിൻസിപ്പൽ കൃഷി ഓഫീസർ— ₹ 50,000-ന് മുകളിൽ.

(സി) നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അധികാരം (നെല്ലൊഴികെ)

1. പ്രിൻസിപ്പൽ കൃഷി ഓഫീസർ— ₹ 2,00,000 വരെ
2. കൃഷി ഡയറക്ടർ — ₹ 2,00,000 മുതൽ ₹ 5,00,000 വരെ
3. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി — ₹ 5,00,000-ന് മുകളിൽ.

നെല്ലിന് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അധികാരം

1. പ്രിൻസിപ്പൽ കൃഷി ഓഫീസർ— ₹ 3,00,000 വരെ
2. കൃഷി ഡയറക്ടർ — ₹ 3,00,000 മുതൽ ₹ 10,00,000 വരെ
3. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി — ₹ 10,00,000-ന് മുകളിൽ.

**(ഡി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി**

ഈ കമ്മിറ്റിയുടെ ചെയർമാൻ കൃഷി വകുപ്പ് സെക്രട്ടറിയും കൺവീനർ കൃഷി അഡീഷണൽ ഡയറക്ടറും (സി.പി.) ആണ്. ഇതിൽ കൃഷി ഡയറക്ടർ, സഹകരണസംഘം രജിസ്ട്രാർ, സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക് മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായിരിക്കും.

**(ഇ) നഷ്ടപരിഹാരം നൽകുന്ന രീതി**

നഷ്ടപരിഹാരം കർഷകന്റെ അക്കൗണ്ട് വഴി നേരിട്ട് കൈമാറും.

**X. പ്രീമിയം ശേഖരണം—പ്രോത്സാഹനം**

ഉദ്യോഗസ്ഥന്മാർക്ക് അധികമായി ഉണ്ടാകുന്ന ജോലി ഭാരം കണക്കിലെടുത്ത് പ്രോത്സാഹനമെന്ന നിലയിലും പ്രീമിയം ശേഖരിക്കുന്നതിനും, പദ്ധതിയിൽ കൂടുതൽ കർഷകരെ അംഗങ്ങളാക്കുന്നതിനും നിയോഗിച്ചിട്ടുള്ള ഏജന്റുമാർക്ക് വേതനമെന്ന നിലയിലും പ്രീമിയം തുകയുടെ 10% താഴെ പറയും പ്രകാരം നൽകുന്നതാണ്.

| | | |
|---|---|---|
| ഏജന്റിന് | — | 8% |
| കൃഷി അസിസ്റ്റന്റിന് | — | 1.5% |
| കൃഷി ആഫീസർ | — | 0.5% |

**XI. ദീർഘകാല വിളകൾക്ക് പ്രത്യേക സംരക്ഷണം**

കേരളത്തിലെ പ്രധാന വൃക്ഷ വിളകളായ തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, കുരുമുളക് എന്നീ വിളകൾ നട്ട് വിളവെടുപ്പുവരെ കാലതാമസം സംഭവിക്കുന്നതു കൊണ്ട് ഒരിക്കൽ നാശനഷ്ടമുണ്ടായാൽ വീണ്ടും കൃഷിയിറക്കി ആദായമെടുക്കുന്നതിന് വർഷങ്ങളെടുക്കും. അതിനാൽ ഈ വിളകൾക്ക് അനുബന്ധം 'ബി' യിൽ കാണിച്ചിട്ടുള്ള പ്രകാരം കായ്ച്ച് തുടങ്ങുന്നതുവരെയുള്ള കാലത്തേക്ക് പ്രത്യേക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു.

<u>അനുബന്ധം–എ</u>

| നമ്പർ | വിളകൾ | ഇൻഷ്വർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം | വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം | അടയ്ക്കേണ്ട പ്രീമിയം | നഷ്ടപരിഹാര തോത് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | തെങ്ങ് | 10 എണ്ണം | ഒരാണ്ടിൽ കുറഞ്ഞത് 30 നാളികേരമെങ്കിലും കായ്ഫലം നൽകുന്ന തെങ്ങുകൾ | തെങ്ങൊന്നിന് ₹ 2 1 വർഷത്തേക്ക്. 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് ₹ 5. | തെങ്ങൊന്നിന് ₹ 2,000 |
| 2 | കമുക് | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് 1 വർഷത്തേക്ക് ₹ 1.50. 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് ₹ 3. | ഒരു മരത്തിന് ₹ 200 |
| 3 | റബ്ബർ | 25 എണ്ണം | കറയെടുക്കുന്ന മരങ്ങൾ | ഒരു മരത്തിന് 1 വർഷത്തേക്ക് ₹ 3. 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ ₹ 7.50. | ഒരു മരത്തിന് ₹ 1,000 |

| | | | | | |
|---|---|---|---|---|---|
| 4 | കശുമാവ് | 5 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് 1 വർഷത്തേക്ക് ₹ 3. 3 വർഷത്തേക്ക് ₹ 7.50. | ഒരു മരത്തിന് ₹ 750 |
| 5 | വാഴ<br>(എ) ഏത്തൻ, കപ്പ<br>(ബി) ഞാലിപ്പൂവൻ<br>(സി) മറ്റിനങ്ങൾ | 10 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ | ഒരു വാഴയ്ക്ക് ₹ 3 | (എ) കുലയ്ക്കാത്തതിന് ₹ 150<br>(ബി) കുലയ്ക്കാത്തതിന് ₹ 100<br>(സി) കുലയ്ക്കാത്തതിന് ₹ 50<br>(എ) കുലച്ചതിന് ₹ 300<br>(ബി) കുലച്ചതിന് ₹ 200<br>(സി) കുലച്ചതിന് ₹ 75 |
| 6 | മരച്ചീനി | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷം 5 മാസം വരെ | 0.02 ഹെക്ടറിന് ₹ 3 | ഹെക്ടർ ഒന്നിന് ₹ 10,000 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 7 | കൈതച്ചക്ക | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷവും 6 മാസത്തിനകവും | 0.02 ഹെക്ടറിന് ₹ 37.50 | ഹെക്ടർ ഒന്നിന് ₹ 50,000 |
| 8 | കുരുമുളക് | 15 താങ്ങു മരങ്ങളിൽ ഉള്ളവ | കായ്ച്ചു തുടങ്ങിയവ | ഒരു താങ്ങു മരത്തിലുള്ളതിന് 1 വർഷത്തേയ്ക്ക് ₹ 1.50 3 വർഷ ത്തേയ്ക്ക് ഒന്നിച്ചട ച്ചാൽ ₹ 3 | ഓരോ താങ്ങു മരത്തിലും ഉള്ള തിന് ₹ 200 വീതം |
| 9 | ഏലം | 1 ഹെക്ടർ | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഹെക്ടറിന് ₹ 1500 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3,750 | ഹെക്ടർ ഒന്നിന് ₹ 60,000 |
| 10 | ഇഞ്ചി | 0.02 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 5 മാസം വരെ | 0.02 ഹെക്ടറിന് ₹ 15 | ഹെക്ടർ ഒന്നിന് ₹ 80,000 |
| 11 | മഞ്ഞൾ | 0.02 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 3 മാസം വരെ | 0.02 ഹെക്ടറിന് ₹ 15 | ഹെക്ടർ ഒന്നിന് ₹ 60,000 |

| | | | | | |
|---|---|---|---|---|---|
| 12 | കാപ്പി | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു ചെടിക്ക്<br>1 വർഷത്തേക്ക്<br>₹ 1.50<br>3 വർഷത്തേക്ക്<br>ഒന്നിച്ചടച്ചാൽ<br>₹ 3 | ഒരുമരത്തിന്<br>₹ 350 |
| 13 | തേയില | 1 ഹെക്ടർ | ഇലയെടുത്തു<br>തുടങ്ങിയ ചെടികൾ | ഹെക്ടർ ഒന്നിന്<br>1 വർഷത്തേക്ക്<br>₹ 1,500.<br>3 വർഷത്തേക്ക്<br>ഒന്നിച്ചടച്ചാൽ<br>₹ 3,750 | ഹെക്ടർ ഒന്നിന്<br>₹ 70,000<br>ഇൻഷ്വർ ചെയ്ത<br>തിന്റെ 10 ശതമാ<br>നമോ, 2 ഹെക്ടറോ<br>ഏതാണോ<br>കുറവ് അതിന്.<br>നഷ്ടപരിഹാരം<br>നൽകാവുന്നതാണ്. |
| 14 | കൊക്കോ | 5 എണ്ണം | കായ്ഫലമുള്ളത് | ₹ 1.50 1 മരത്തിന്<br>1 വർഷത്തേക്ക്,<br>3 വർഷത്തേക്ക്<br>ഒന്നിച്ചടച്ചാൽ<br>₹ 3 | ഒരുമരത്തിന്<br>₹ 300 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 15 | നിലക്കടല | 0.1 ഹെക്ടർ | നട്ട് കഴിഞ്ഞ് 1 മാസത്തിനു ശേഷം 2 മാസത്തിനു മുമ്പ് | 0.1 ഹെക്ടറിന് ₹ 37.50 | ഹെക്ടർ ഒന്നിന് ₹ 12,000 |
| 16 | എള്ള് | 0.1 ഹെക്ടർ | വിതച്ച് ഒരാഴ്ച കഴിഞ്ഞ് 1 മാസം വരെ | 0.01 ഹെക്ടറിന് ₹ 37.50 | ഹെക്ടർ ഒന്നിന് ₹ 12,500 |
| 17 | പച്ചക്കറി (പന്തലുള്ളവയും, പന്തലില്ലാത്തവയും) | 0.04 ഹെക്ടർ | നട്ട് ഒരാഴ്ച കഴിഞ്ഞ് 1 മാസം വരെ | 10 സെന്റിന് ₹ 10 | പന്തലില്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 25,000 പന്തലുള്ളവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 40,000 |
| 18 | ജാതി | 5 എണ്ണം | കായ്ഫലമുള്ളത് | 1 വർഷത്തേക്ക് 1 മരത്തിന് ₹ 3 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ₹ 3,000 ഒരു മരത്തിന് |
| 19 | ഗ്രാമ്പു | 5 എണ്ണം | കായ്ഫലമുള്ളത് | 1 വർഷത്തേയ്ക്ക് 1 മരത്തിന് ₹ 3 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ₹ 1,000 ഒരു മരത്തിന് |

| | | | | | |
|---|---|---|---|---|---|
| 20 | വെറ്റില | 1 സെന്റ് | വിളവെടുപ്പ് ആരംഭിച്ചത് | 1 വർഷത്തേയ്ക്ക് സെന്റൊന്നിന് ₹ 7.50 | സെന്റൊന്നിന് ₹ 1,000 |
| 21 | പയർ വർഗ്ഗങ്ങൾ | 0.10 ഹെക്ടർ | നട്ട് 2 ആഴ്ച കഴിഞ്ഞ് 1½ മാസം വരെ | 0.10 ഹെക്ടറിന് ₹ 19 | ഹെക്ടറിന് ₹ 10,000 |
| 22 | കിഴങ്ങു വർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) | 0.02 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 3 മാസം വരെ | ₹ 7.50 ചേന, ₹ 4.50 മധുരക്കിഴങ്ങ് | ചേന ഹെക്ടറിന് ₹ 35,000, മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് ₹ 15,000 |
| 23 | കരിമ്പ് | 0.10 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 3 മാസം വരെ | 0.10 ഹെക്ടറിന് ₹ 90 | ഹെക്ടറൊന്നിന് ₹ 50,000 |
| 24 | പുകയില | 0.02 ഹെക്ടർ | നട്ട് 2 ആഴ്ച കഴിഞ്ഞ് 2 മാസം വരെ | 0.02 ഹെക്ടറിന് ₹ 3 | ഹെക്ടറൊന്നിന് ₹ 20,000 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 25 | നെല്ല് | 0.10 ഹെക്ടർ | നട്ട് അല്ലെങ്കിൽ വിതച്ച് 15 ദിവസം കഴിഞ്ഞ് 45 ദിവസം വരെ | 0.10 ഹെക്ടറിന് ₹ 25 | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 15,000<br>45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 35,000<br>കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |

## അനുബന്ധം-ഡി

### നഷ്ടപരിഹാരത്തുക അവകാശപ്പെടുന്നതിനുള്ള അപേക്ഷാ ഫോറം

1. കർഷകന്റെ പേരും വിലാസവും :
2. രജിസ്റ്റർ നമ്പർ :
3. പ്രീമിയം അടച്ച തുകയും വിശദാംശങ്ങളും :
4. വിളനാശമുണ്ടായ തീയതി :
5. വിളനാശത്തിന്റെ സ്വഭാവം :
6. നാശനഷ്ടത്തിന്റെ വിവരങ്ങൾ :
7. നാശനഷ്ടമുണ്ടാകുമ്പോഴുള്ള വിളകളുടെ പ്രായം/ഘട്ടം :
8. വിളനാശം ഉണ്ടായപ്പോൾ നാശനഷ്ടം കുറയ്ക്കാൻ കൈക്കൊണ്ട നടപടികൾ :
9. വിളനാശപ്രകാരം ലഭിക്കേണ്ട തുക (വില തിരിച്ച്) :
10. ബാങ്ക് അക്കൗണ്ട് നമ്പർ :
11. ആധാർ നമ്പർ :

സ്ഥലം :

തീയതി :

അപേക്ഷകന്റെ ഒപ്പ്

കൃഷി ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് :

കൃഷി ഓഫീസറുടെ ഒപ്പ്

<u>ഉത്തരവിറക്കുന്നത്</u> :—കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ/പ്രിൻസിപ്പൽ കൃഷി ഓഫീസർ/കൃഷി ഡയറക്ടർ.

സെക്ഷൻ ഓഫീസർ

## അനുബന്ധം-സി

### വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള അപേക്ഷാ ഫോറം

1. അപേക്ഷകന്റെ പേരും വിലാസവും :
2. കൃഷി ഭവന്റെ പേര് :
3. കൃഷി ഭൂമിയുടെ വിസ്തൃതിയും സർവ്വേ നമ്പരും :
4. കൃഷി ഭൂമി സ്വന്തമോ പാട്ടത്തിനോ :
5. കൃഷി ചെയ്തിട്ടുള്ള വിളകളുടെ പേര്/എണ്ണം/ വിസ്തൃതി :
6. വിളകളുടെ പ്രായം :
7. കഴിഞ്ഞ മൂന്നു കൊല്ലങ്ങളിലെ ഉൽപ്പാദനം (വർഷം തിരിച്ച്) :
8. കർഷകന്റെ വാർഷിക വരുമാനം :
9. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കൃഷി ഭൂമിയുടെ വിസ്തീർണ്ണം/എണ്ണം :

മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിക്കുന്നു. ഞാൻ വിള ഇൻഷ്വറൻസ് പദ്ധതിയുടെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രവർത്തിച്ചുകൊള്ളാമെന്ന് സമ്മതിച്ചിരിക്കുന്നു. ഇതിനു വിപരീതമായി പ്രവർത്തിച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടമുണ്ടാക്കുന്നപക്ഷം ആ തുക പലിശയോടുകൂടി എന്നിൽ നിന്നും ഈടാക്കുന്നതിന് ഞാൻ പരിപൂർണ്ണമായി സമ്മതിച്ച് ഒപ്പിട്ടിരിക്കുന്നു.

സ്ഥലം :

തീയതി : കൃഷിക്കാരന്റെ ഒപ്പ്

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 3 | റബ്ബർ | 25 എണ്ണം | നട്ട് ഒരു മാസം മുതൽ 7 വർഷം വരെ | 3 വർഷത്തേക്ക് ഒരെണ്ണത്തിന് ₹ 1.50 വീതം | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 200 3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 600 |
| 4 | കശുമാവ് | 5 എണ്ണം | നട്ട് ഒരു മാസം മുതൽ 3 വർഷം വരെ | 3 വർഷത്തേക്ക് 5 എണ്ണത്തിന് ₹ 4.50 | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 100 |
| 5 | കുരുമുളക് | 15 താങ്ങു മരങ്ങളിലുള്ളവ | നട്ട് ഒരു മാസം മുതൽ 4 വർഷം വരെ | 15 താങ്ങു മരങ്ങളിലുള്ളതിന് 1 വർഷത്തേക്ക് ₹ 7.50 3 വർഷം ഒന്നിച്ചടച്ചാൽ ₹ 15 | ആദ്യത്തെ 2 വർഷം ഒരു താങ്ങു മരത്തിനുള്ളതിന് ₹ 50 2 വർഷം മുതൽ 4 വർഷം വരെ ₹ 100 |

<u>അനുബന്ധം–ബി</u>

ദീർഘകാല വിളകൾക്ക് നടുന്നതു മുതൽ കായ്ച്ചു തുടങ്ങുന്നതുവരെയുള്ള കാലയളവിൽ നൽകുന്ന പ്രത്യേക ഇൻഷ്വറൻസ് സംരക്ഷണം.

| *നമ്പർ* | *വിളകൾ* | *ഇൻഷ്വർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം* | *വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം* | *അടയ്ക്കേണ്ട പ്രീമിയം* | *നഷ്ടപരിഹാര തോത്* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | തെങ്ങ് | 10 എണ്ണം | നട്ട് ഒരു മാസം മുതൽ 7 വർഷം വരെ | ഒരെണ്ണത്തിന് 1 വർഷത്തേക്ക് ₹ 1, 3 വർഷത്തേക്ക് ഒരുമിച്ചടച്ചാൽ ₹ 2 | ആദ്യത്തെ 3 വർഷത്തേക്ക് ഒരെണ്ണത്തിന് ₹ 200<br>3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 400 |
| 2 | കമുക് | 10 എണ്ണം | നട്ട് ഒരു മാസം മുതൽ 6 വർഷം വരെ | 3 വർഷത്തേക്ക് ഒരെണ്ണത്തിന് ₹ 1.50 വീതം | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 50<br>3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 80 |